## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5831 02.07.2019 -ൽ മറുപടിക്ക്

## സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയായ 6.1 ശതമാനത്തിനേക്കാൾ നാലര ശതമാനം കൂടി 10.67 ശതമാനമായി ഉയർന്നിട്ടുണ്ടോ; | (എ) | ഉണ്ട്. ഉയർന്ന സാക്ഷരതാനിരക്കും, വിദ്യാഭ്യാസ രംഗത്തെ പുരോഗതിയും മൂലം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവും തൊഴിലില്ലായ്മ നിരക്ക് ഉയരുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇതുവരെ എത്ര പേർ തൊഴിലിനായി പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളിൽ നാളിതുവരെ (31.05.2019 ) തൊഴിലിനായി ആകെ 35,65,672 (മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുന്നൂറ്റി എഴുപത്തി രണ്ട്) ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വ്യവസായ സംരംഭകർ സംസ്ഥാനത്തേക്ക് കടന്നുവരാൻ മടിക്കുന്നതും കാർഷിക മേഖലയിലേക്ക് പുതുതലമുറയെ ആകർഷിക്കാൻ കഴിയാത്തതും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമാവുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരളത്തിൽ ജനസാന്ദ്രത കൂടുതലായതിനാലും, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതികൊണ്ടും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. അതോടൊപ്പം കൃഷിയിടങ്ങളുടെ കുറവും തൊഴിലവസരം കുറയുന്നതിന് കാരണ-മായിട്ടുണ്ട്. |
| (ഡി) | എങ്കിൽ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | നൂതനങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി ആയതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കുന്ന-തിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ |

| | | | |
|---|---|---|---|
| | | | സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**